വഴിവെളിച്ചം

# ബന്ധങ്ങൾ നന്നാക്കുക

عن أبى الدرداء رَضِيَ الله عَنْهُ قَالَ: قَال رَسُولُ ﷺ أَلاَ أُخْبِرُكُمْ بِأَفْضَل دَرَجَةِ الصِّيَامِ وَالصَّلاَةِ والصَدَقةِ؟ قَالُوا: بلَى. قَالَ: إِصْلاحُ ذَاتِ الْبَيْنِ. فَإِنَّ فَسَاد ذاتِ الْبَيْنِ هِيَ الحَالقةِ

**അബൂദർദാഇ(റ)ൽനിന്ന്: നബി(സ) ചോദിച്ചു: "നോമ്പിനേക്കാളും നമസ്കാരത്തേക്കാളും ദാനധർമത്തേക്കാളും വിശിഷ്ടമായ ഒരു കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ?'' അനുചരന്മാർ പറഞ്ഞു: "അതേ." പ്രവാചകൻ (സ) പറഞ്ഞു: "പരസ്പര ബന്ധങ്ങൾ നന്നാക്കാൻ പരിശ്രമിക്കലാണത്. തീർച്ചയായും ആളുകൾക്കിടയിലെ ഭിന്നിപ്പ് എല്ലാറ്റിനെയും മുണ്ഡനം ചെയ്തുകളയും" (തിർമിദി- 2509).***

**സൗഹാർദപൂർണമായ** ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് കെട്ടുറപ്പുള്ള ബന്ധങ്ങൾ അനിവാര്യമാണ്. ബന്ധങ്ങൾ തകർന്നാൽ സമൂഹം തന്നെ തകർന്നുപോവും. അതിനാൽ മാനുഷിക ബന്ധങ്ങൾ ഓരോന്നും– അവ എത്ര നിസ്സാരമാണെങ്കിൽ പോലും– പൊട്ടലും ചീറ്റലും വരാതെ നല്ല രീതിയിൽ പരിപാലിക്കാൻ സമൂഹത്തിലെ ഓരോരുത്തനും ബാധ്യസ്ഥനാണ്. ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുകയാണ് മുകളിലുദ്ധരിച്ച പ്രവാചകവചനം.

പരസ്പര ബന്ധങ്ങൾ നന്നാക്കാനുള്ള പരിശ്രമങ്ങൾ നമസ്കാരത്തേക്കാളും നോമ്പിനേക്കാളും മറ്റു ആരാധനാ കർമങ്ങളേക്കാളും ശ്രേഷ്ഠമാണ്. ആരാധനകൾ അല്ലാഹു മനുഷ്യരുടെ മേൽ നിർബന്ധമാക്കിയ അനുഷ്ഠാന കർമങ്ങളാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയും വികാസവുമാണ് അവകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ നമസ്കാരമാവട്ടെ, മറ്റു ആരാധനകളാവട്ടെ അവ നിർവഹിക്കണമെങ്കിൽ വ്യക്തിയും സമൂഹവും ജീവനോടെ നിലനിൽക്കേണ്ടതുണ്ട്. അവരുടെ നിലനിൽപ്പാവട്ടെ ബന്ധങ്ങളുടെ ചേർച്ചയും ഐക്യവുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. പരസ്പരം കലഹിക്കുകയും തമ്മിൽ തല്ലുകയും ചെയ്യുന്ന ഒരു സമൂഹത്തിന് എങ്ങനെയാണ് ആരോഗ്യത്തോടെ നിലനിൽക്കാൻ കഴിയുക? സ്വസഹോദരനെ കുറിച്ച് പകയും വെറുപ്പും വിദ്വേഷവും കൊണ്ടുനടക്കുന്ന ഒരാൾക്ക് എങ്ങനെയാണ് നിഷ്കളങ്ക മാനസനായി അല്ലാഹുവിലേക്ക് കൈയുയർത്താനും അവനോട് പ്രാർഥിക്കാനും സാധിക്കുക? ഐക്യം ദീനിൽ ആരാധനകളേക്കാൾ പ്രധാനമാവുന്നത് ഇതുകൊണ്ടാണ്. നബി(സ) പറഞ്ഞു: "ദാനധർമങ്ങളിൽ വെച്ച് ഏറ്റവും ഉത്കൃഷ്ടമായ ദാനം, ഭിന്നിച്ച് നിൽക്കുന്നവർക്കിടയിൽ യോജിപ്പുണ്ടാക്കലത്രെ" (ത്വബ്റാനി, ബസ്സാർ). അബൂ അയ്യൂബ് (റ) പറയുന്നു: ഒരിക്കൽ നബി(സ) എന്നെ ഇപ്രകാരം ഉപദേശിച്ചു: "അല്ലയോ അബൂ അയ്യൂബ്, അല്ലാഹുവും അവന്റെ റസൂലും ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒരു ദാനധർമത്തെക്കുറിച്ച് ഞാൻ അറിയിച്ചുതരട്ടേ? പരസ്പരം ഭിന്നിക്കുകയും പക വെച്ചു പുലർത്തുകയും ചെയ്യുന്ന ആളുകൾക്കിടയിൽ ഐക്യമുണ്ടാക്കാൻ ശ്രമിക്കലാണത്" (ത്വബ്റാനി, അസ്ബഹാനി).

കളവ് പറയൽ ഏതവസ്ഥയിലും ദീൻ വിലക്കിയ കുറ്റമാണ്. എന്നാൽ ജനങ്ങൾക്കിടയിൽ ഐക്യവും യോജിപ്പുമുണ്ടാക്കാൻ ഒരാൾക്ക് കളവ് പറയേണ്ടിവന്നാൽ അയാൾ കള്ളം പറയുന്നവനോ കുറ്റക്കാരനോ അല്ലെന്ന് പ്രവാചകൻ ഓർമിപ്പിക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു: "ഭിന്നിച്ചു നിൽക്കുന്നവർക്കിടയിൽ ഒത്തുതീർപ്പുണ്ടാക്കുകയും അങ്ങനെ നന്മ വളർത്തുകയും ചെയ്യുന്നവൻ കള്ളം പറയുന്നവനല്ല" (ബുഖാരി, മുസ്ലിം). "മനുഷ്യൻ പറഞ്ഞുകൊണ്ടിരിക്കുന്ന എല്ലാ കളവുകളും രേഖപ്പെടുത്തുന്നതാണ്; മൂന്ന് സന്ദർഭങ്ങളിലൊഴിച്ച്. ജനങ്ങൾക്കിടയിൽ ഐക്യമുണ്ടാക്കാൻ വേണ്ടി പറയുന്ന കളവ്, ഭാര്യയെ തൃപ്തിപ്പെടുത്താൻ ഭർത്താവ് പറയുന്നത്, യുദ്ധ വേളകളിൽ യുദ്ധതന്ത്രത്തിന്റെ ഭാഗമായി പറയുന്ന വാക്കുകൾ" (ത്വബ്റാനി, ഖറാഇത്വി). ഇമാം ഗസാലി(റ) ഈ നബിവചനങ്ങളെ ഇപ്രകാരം വിശദീകരിക്കുന്നു: "ജനങ്ങൾക്കിടയിലെ ഭിന്നതകൾ തീർത്ത് അവർക്കിടയിൽ ഐക്യമുണ്ടാക്കാൻ ശ്രമിക്കേണ്ടത് ഓരോ വിശ്വാസിയുടെയും നിർബന്ധ ബാധ്യതയാണെന്നതിന് ഈ ഹദീസുകൾ തെളിവാണ്. കാരണം കളവ് പറയാതിരിക്കൽ ഒരു നിർബന്ധ കാര്യമാണ്. ദീനിൽ ഒരു നിർബന്ധ ബാധ്യത അതിനേക്കാൾ ഗുരുതരമായ മറ്റൊരു നിർബന്ധ കാര്യം കൊണ്ടല്ലാതെ ഇല്ലാതായിപ്പോവുകയില്ല" (*ഇഹ്യാ ഉലൂമിദ്ദീൻ*, വാല്യം 2, പേജ് 199).

അനൈക്യവും ഛിദ്രതയുമാണ് ഇസ്ലാം ഏറ്റവും കൂടുതൽ വെറുക്കുന്നത്. എത്ര ഭദ്രമായ സമൂഹത്തെയും ക്ഷണനേരത്തിനുള്ളിൽ തകർത്തുകളയും അനൈക്യത്തിന്റെ വിത്തുകൾ. വ്യക്തികളുടെ ഓജസ്സും തേജസ്സും നിർവീര്യമായിപ്പോവാൻ അത് കാരണമായിത്തീരും. അതുകൊണ്ടാണ് ഭിന്നിപ്പിനെയും ശൈഥില്യത്തെയും 'ക്ഷൗരം ചെയ്യുന്ന കത്തി' യോട് നബി(സ) ഉപമിച്ചത്. അവിടുന്ന് പറഞ്ഞു: "സ്വരച്ചേർച്ചയില്ലായ്മ ഒരു കത്തിയെപ്പോലെയാണ്; മുടിയെടുക്കുന്ന കത്തിയല്ല ഞാൻ ഉദ്ദേശിക്കുന്നത്; ദീനിനെ തന്നെ ഛേദിച്ചുകളയുന്ന കത്തി'' (തിർമിദി, അഹ്മദ്). വിശുദ്ധ ഖുർആൻ ഓർമിപ്പിക്കുന്നു: "നിങ്ങൾ പരസ്പരം കലഹിക്കാതിരിക്കുക; കലഹിക്കുന്ന പക്ഷം നിങ്ങൾ ദുർബലരാവുകയും നിങ്ങളുടെ വീര്യം ചോർന്നുപോവുകയും ചെയ്യും" (8:46).

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം തിർമിദി, അബൂദാവൂദ്, അഹ്മദ്, ഇബ്നു ഹിബ്ബാൻ തുടങ്ങിയവർ ഈ തിരുവചനം ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര സ്വഹീഹ് ആണെന്ന് ഇമാം തിർമിദി സാക്ഷ്യപ്പെടുത്തുന്നു (*സുനനുത്തിർമിദി*, വാല്യം 4, പേജ് 664)